LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള 'ആശ്വാസ പെൻഷൻ പദ്ധതി' പ്രകാരം 2013 ഫെബ്രുവരി മാസംവരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ 2780 പേർ പെൻഷന് അർഹരാണ്. പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിലേയ്ക്കായി 2013 മാർച്ച് മാസംമുതൽ നടപ്പുസാമ്പത്തിക വർഷാവസാനംവരെ 5,14,30,000 രൂപ ആവശ്യമാണ്.

(സി) കേരള ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘത്തിലെ തൊഴിലാളികൾക്കുള്ള ആശ്വാസ പെൻഷൻ കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യ സംസ്കരണ മിഷൻ

153(2354) ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം ദേശീയതലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലെ കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന ഉറപ്പാക്കുക, മികച്ച വില ലഭ്യമാക്കുക, ഉൽപ്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടാതെ ഉപഭോക്താവിന് ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായുള്ള സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing (NMFP)-ന് 2012-13-ൽ 4.66 കോടി രൂപയും 2013-14-ൽ 2.22 കോടി രൂപയും 2014-15-ൽ 36.14 ലക്ഷം രൂപയും കേന്ദ്രവിഹിതമായി കേരളത്തിന് ലഭിച്ചു ഇപ്രകാരം ലഭിച്ച കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് 9.52 കോടി രൂപ സംസ്ഥാനത്ത് അനുമതി നൽകിയ 23 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

154(2355) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ സർവ്വേ പൂർത്തീകരിച്ചുവോ ;

(സി) പദ്ധതിക്ക് വേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചു ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദീകരിക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ 7 ജില്ലകളിലായി 503 കിലോമീറ്ററിലാണ് പൈപ്പ് ലൈൻ വിന്യസിക്കാനുള്ളത്. ഇതിൽ മുഴുവൻ ദൂരത്തിലെയും P&MP Act സെക്ഷൻ 6(1) പ്രകാരമുള്ള ഗവൺമെന്റ് വിജ്ഞാപനം നിലവിലുണ്ട്. എന്നാൽ 2012 ജനുവരിയിൽ ആരംഭിച്ച പദ്ധതി, സ്ഥലമേറ്റെടുക്കുന്നതിലുണ്ടായ ജനകീയ പ്രതിഷേധം കാരണം 31 കിലോമീറ്ററിൽ മാത്രമാണ് പൈപ്പ് ലൈൻ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതിയ്ക്ക് ആവശ്യമായിട്ടുള്ള സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. കേരളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള 503 കിലോമീറ്ററിൽ 342 കിലോമീറ്ററിലും മഹസർ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുകയാണ്. പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി ഇടയ്ക്കിടെ യോഗം ചേരുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കി ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly